ദേശാഭിമാനി

Thu, 05 February 2026

# ജില്ലാ ബേസ്ബോൾ ശനിയും ഞായറും

**കോലഞ്ചേരി**

ജില്ലാ ജൂനിയർ, സബ് ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ശനി, ഞായർ ദിവസങ്ങളിൽ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് മൈതാനത്ത് നടക്കും. സംസ്ഥാന ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീമുകളെ തെരഞ്ഞെടുക്കും.

ദേശാഭിമാനി
Tue, 10 February 2026

# സ്റ്റെല്ല മേരീസ് കോൺവന്റ് സ്കൂൾ ചാമ്പ്യൻമാർ

**കോലഞ്ചേരി**

സെന്റ് പിറ്റേഴ്സ് കോളേജ് മൈതാനത്ത് നടന്ന ജൂനിയർ സബ് ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ തിരുവാണിയൂർ സ്റ്റെല്ല മേരീസ് കോൺവന്റ് സ്കൂൾ ജേതാക്കളായി. ജൂനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെ വിഭാഗത്തിൽ കൂവപ്പടി സെന്റ് ആൻസ് സ്കൂൾ രണ്ടും ആരക്കുന്നം സെന്റ് ജോർജ് സ്കൂൾ മൂന്നും സ്ഥാനം കരസ്ഥമാക്കി.

സബ് ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ കൊച്ചിൻ റിഫൈനറി സ്കൂൾ രണ്ടാംസ്ഥാനവും ആലുവ ഫ്രണ്ട്സ് ക്ലബ് മൂന്നാം സ്ഥാനവും നേടി. സബ് ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ സെന്റ് ആൻസ് രണ്ടാംസ്ഥാനവും സെന്റ് ജോർജ് മൂന്നാംസ്ഥാനവും നേടി. വിജയികൾക്ക് സെന്റ് പിറ്റേഴ്സ് കോളേജ് കായികവിഭാഗം മേധാവി സി ജെ ജസ്റ്റോനും ജില്ലാ ഫുട്ബോൾ അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം പി ഒ ജോബിനും ചേർന്ന് ട്രോഫിയും മെഡലുകളും സമ്മാനിച്ചു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് രഞ്ജിത് രത്നാകരൻ ചാമ്പ്യൻഷിപ് ഉദ്ഘാടനം ചെയ്തു. അനീഷ് ജോസഫ്, പി ജെ ബാരിഡ് എന്നിവർ സംസാരിച്ചു.

Mathrubhumi
മാതൃഭൂമി

# ജില്ലാ ബേസ് ബോൾ: സ്റ്റെല്ല മേരീസ് കോൺവെന്റ് സ്കൂൾ ജേതാക്കൾ

**കോലഞ്ചേരി ▸** സെയ്ന്റ് പീറ്റേഴ്സ് കോളേജ് ഗ്രൗണ്ടിൽ നടന്ന 24-ാം ജൂനിയർ, സബ് ജൂനിയർ ബേസ് ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിലും പെൺകുട്ടികളുടെ വിഭാഗത്തിലും തിരുവാണിയൂർ സ്റ്റെല്ല മേരീസ് കോൺവെന്റ് സ്കൂൾ ജേതാക്കളായി.

ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ കൂവപ്പടി സെയ്ന്റ് ആൻസ് സ്കൂൾ രണ്ടാം സ്ഥാനവും, ആരക്കുന്നം സെയ്ന്റ് ജോർജ് സ്കൂൾ മൂന്നാം സ്ഥാനവും നേടി. ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ സെയ്ന്റ് ആൻസ് സ്കൂൾ രണ്ടാം സ്ഥാനവും സെയ്ന്റ് ജോർജ് സ്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സബ് ജൂനിയർ ആൺ കുട്ടികളുടെ വിഭാഗത്തിൽ കൊച്ചിൻ റിഫൈനറി സ്കൂൾ രണ്ടാം സ്ഥാനവും ഫ്രൻഡ്സ് ക്ലബ് മൂന്നാം സ്ഥാനവും നേടി.

സബ് ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ സെയ്ന്റ് ആൻസ് രണ്ടാം സ്ഥാനവും, സെയ്ന്റ് ജോർജ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് സെയ്ന്റ് പീറ്റേഴ്സ് കോളേജ് കായിക വിഭാഗം മേധാവി സി.ജെ. ജയ്മോൻ, ജില്ലാ ഫുട്ബോൾ അസോസിയേഷൻ ഇസി മെംബർ പി.ഒ. ജോബിൻ എന്നിവർ ചേർന്ന് ട്രോഫിയും മെഡലുകളും വിതരണം ചെയ്തു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് രഞ്ജിത് രത്നാകരൻ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. അനീഷ് ജോസഫ്, പി.ജെ. ബാരിഡ് എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ

# ബേസ്ബോൾ; സ്റ്റെല്ലാ മാരിസ് ജേതാക്കൾ

കോലഞ്ചേരി ● ജില്ലാ ജൂനിയർ, സബ് ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിലും പെൺകുട്ടികളുടെ വിഭാഗത്തിലും തിരുവാണിയൂർ സ്റ്റെല്ല മാരിസ് കോൺവന്റ് സ്കൂൾ ജേതാക്കളായി.

ജൂനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ കുവപ്പടി സെന്റ് ആൻസ് സ്കൂൾ രണ്ടാം സ്ഥാനവും, ആരക്കുന്നം സെന്റ് ജോർജ് സ്കൂൾ മൂന്നാം സ്ഥാനവും നേടി. സബ് ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ കൊച്ചിൻ റിഫൈനറി സ്കൂൾ രണ്ടാം സ്ഥാനവും ഫ്രണ്ട്സ് ക്ലബ് മൂന്നാം സ്ഥാനവും നേടി. സബ് ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ സെന്റ് ആൻസ് രണ്ടാം സ്ഥാനവും സെന്റ് ജോർജ് മൂന്നാം സ്ഥാനവും നേടി.

വിജയികൾക്ക് സെന്റ് പീറ്റേഴ്സ് കോളജ് കായിക വിഭാഗം മേധാവി സി.ജെ. ജയ്മോൻ, ജില്ലാ ഫുട്ബോൾ അസോസിയേഷൻ ഇസി അംഗം പി.ഒ. ജോബിൻ എന്നിവർ ചേർന്ന് ട്രോഫി സമ്മാനിച്ചു.

ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് രഞ്ജിത് രത്നാകരൻ ഉദ്ഘാടനം നിർവഹിച്ചു. അനീഷ് ജോസഫ്, പി.ജെ. ബാരിഡ് എന്നിവർ പ്രസംഗിച്ചു.

10/02/2026 | Kochi(Perumbavoor) | Page : 15
Source : https://epaper.manoramaonline.com/





*ജില്ല ബേസ് ബാൾ ജൂനിയർ ആൺ-പെൺ വിഭാഗങ്ങളിൽ ജേതാക്കളായ തിരുവാണിയൂർ സ്റ്റെല്ല മേരീസ് കോൺവന്റ് സ്കൂൾ ടീമുകൾ*

# സ്റ്റെല്ല മേരീസ് കോൺവന്റ് സ്കൂളിന് ഇരട്ട കിരീടം

**മട്ടാഞ്ചേരി:** ജില്ല ജൂനിയർ, സബ് ജൂനിയർ ബേസ് ബാൾ ചാമ്പ്യൻഷിപ്പിൽ ആൺ-പെൺ വിഭാഗങ്ങളിൽ തിരുവാണിയൂർ സ്റ്റെല്ല മേരിസ് കോൺവന്റ് സ്കൂൾ ജേതാക്കളായി. ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ കുവപ്പടി സെന്റ് ആൻസ് സ്കൂൾ രണ്ടും ആരക്കുന്നം സെന്റ് ജോർജ് സ്കൂൾ മൂന്നും സ്ഥാനങ്ങൾ നേടി.

ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ സെന്റ് ആൻസ് സ്കൂൾ രണ്ടാം സ്ഥാനവും സെന്റ് ജോർജ് സ്കൂൾ മൂന്നാം സ്ഥാനവും നേടി. സബ് ജൂനിയർ ആൺ കുട്ടികളുടെ വിഭാഗത്തിൽ കൊച്ചിൻ റിഫൈനറി സ്കൂൾ രണ്ടാം സ്ഥാനവും ഫ്രണ്ട്സ് ക്ലബ് മൂന്നാം സ്ഥാനവും നേടി. പെൺ കുട്ടികളുടെ വിഭാഗത്തിൽ സെന്റ് ആൻസ് രണ്ടാം സ്ഥാനവും സെന്റ് ജോർജ് മൂന്നാം സ്ഥാനവും നേടി. ജില്ല ബേസ് ബോൾ അസോസിയേഷൻ പ്രസിഡന്റ് രഞ്ജിത് രത്നാകരൻ മത്സരം ഉദ്ഘാടനം ചെയ്തു.

വിജയികൾക്ക് സെന്റ് പീറ്റേഴ്സ് കോളജ് കായിക വിഭാഗം മേധാവി സി.ജെ. ജയ്സോൺ, ജില്ല ഫുട്ബാൾ അസോസിയേഷൻ എക്സിക്യൂട്ടിവംഗം പി.ഒ. ജോബിൻ എന്നിവർ ചേർന്ന് സമ്മാനദാനം നിർവഹിച്ചു. സെക്രട്ടറി അനീഷ് ജോസഫ്, പി.ജെ. ബാരിഡ് എന്നിവർ സംസാരിച്ചു.